**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4754** **19-03-2025 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളികളുടെ പുനരധിവാസത്തിന് വേണ്ടിയുള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. വിൻസെന്റ് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിലെ വിവിധ ഫിഷിംഗ് ഹാർബറുകളുടെയും ഇറമുഖങ്ങളുടെയും നിർമ്മാണവുമായി ബന്ധപ്പെട്ട് തൊഴിലും ഉപജീവന സൗകര്യങ്ങളും ആവാസ വ്യവസ്ഥയും നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികളുടെ പുനരധിവാസത്തിന് വേണ്ടിയുള്ള പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | വിഴിഞ്ഞം ഇറമുഖ നിർമ്മാണം സംബന്ധിച്ച പാരിസ്ഥിതി പഠന റിപ്പോർട്ട് അനുസരിച്ചും കേന്ദ്ര പാരിസ്ഥിതി വകുപ്പിന്റെ വിലയിരുത്തലുകളനുസരിച്ചും വിഴിഞ്ഞം ഇറമുഖ നിർമ്മാണം തീരശോഷണത്തിന് കാരണമാകുകയില്ല എന്നാണെങ്കിലും പദ്ധതിയിതര സമീപ പ്രദേശങ്ങളിൽ ഭാവിയിൽ തീരശോഷണം ഉണ്ടായാൽ ബാധിക്കപ്പെട്ടേക്കാവുന്നവരുടെ പുനരധിവാസത്തിനായി അനുയോജ്യമായ പദ്ധതികൾക്ക് വിനിയോഗിക്കാവുന്ന തരത്തിൽ475കോടി രൂപയുടെ ഭരണാനുമതി നല്കി സ.ഉ(കൈ) നം.55/2015/മഠവ തീയതി 11.11.2015 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പുനരധിവാസ പാക്കേജ് ജില്ലാകളക്ടറുടെ നേതൃത്വത്തിലുള്ള ഉപജീവനാഘാത അപ്പലേറ്റ് കമ്മിറ്റിയുടെ നിർദ്ദേശാനുസരണം നടപ്പിലാക്കുവാനും ഉത്തരവിൽ തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി നിർവ്വഹണത്തിന് ഫിഷറീസ് വകുപ്പിൽ പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റ് രൂപീകരിക്കുന്നതിനു അനുമതി നൽകി സ.ഉ (കൈ) നം. 16/2017/മഠവ തീയതി 22.07.2017പ്രകാരം ഉത്തരവായിട്ടുണ്ട്.<br><br>വിഴിഞ്ഞം പുനരധിവാസ പദ്ധതിയുമായി ബന്ധപ്പെട്ട് മത്സ്യത്തൊഴിലാളികളുമായി ചർച്ചകൾ നടത്തി 30.37 കോടി രൂപയുടെ പദ്ധതികൾ തയ്യാറാക്കി യഥാസമയം പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റിന് സമർപ്പിച്ചിരുന്നു. മേൽ പദ്ധതികളിൽ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിലൂടെ മത്സ്യത്തൊഴിലാളികളുടെ ജീവിതനിലവാരം ഉയർത്തുവാൻ സഹായിക്കുമെന്ന നിലയിൽ തീരക്കടലിൽ കൃത്രിമപാരുകൾ നിക്ഷേപിക്കുന്ന പദ്ധതിയ്ക്ക് 28.09.2019 തീയതിയിലെ സ.ഉ (സാധാ) നം. 713/2019/മഠവ ഉത്തരവ് പ്രകാരം 3.7563കോടി രൂപയുടെ ഭരണാനുമതി നൽകുകയും 7 മത്സ്യ ഗ്രാമങ്ങളിലെ തീരക്കടലിൽ |

കൃത്രിമ പാരുകൾ പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റ് നിക്ഷേപിക്കുകയും ചെയ്തിട്ടുണ്ട്.

പദ്ധതി പ്രൊപ്പോസലുകൾ പുതുക്കി വിശദമാക്കി സമർപ്പിക്കുവാൻ 27.09.2022 തീയതിയിൽ ചേർന്ന തുറമുഖ സെക്രട്ടറിയുടെ യോഗത്തിൽ നിർദ്ദേശിച്ചതിൻ പ്രകാരം 560.285 കോടി രൂപയുടെ പദ്ധതി പ്രൊപ്പോസൽ ഫിഷറീസ് ഡയറക്ടർ സമർപ്പിച്ചിട്ടുണ്ട്.

27.07.2017-ൽ കൂടിയ ജില്ലാ കളക്ടർ ചെയർമാനായ വിഴിഞ്ഞം തുറമുഖ ഉപജീവനാഘാത നിർണ്ണയ അപ്പീൽ കമ്മിറ്റി തീരുമാനപ്രകാരം പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റിനെ വിഴിഞ്ഞം തുറമുഖവുമായി ബന്ധപ്പെട്ട നഷ്ടപരിഹാര നിർണ്ണയത്തിനും അന്വേഷണങ്ങൾക്കായി ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയതിൻ പ്രകാരം ജീവനോപാധി നഷ്ടപരിഹാരവുമായി ബന്ധപ്പെട്ട എല്ലാ അന്വേഷണ നടപടിക്രമങ്ങളും നിർവ്വഹിക്കുന്നത് പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റാണ്.

LIAC അപ്പീൽ കമ്മിറ്റിയുടെ മേൽ നോട്ടത്തിൽ പ്രോജക്ട് ഇംപ്ലിമെന്റെഷൻ യൂണിറ്റും, ജീവനോപാധി നഷ്ട പരിഹാരവുമായി ബന്ധപ്പെട്ട അപേക്ഷകൾ പരിശോധിക്കുകയും അന്വേഷണ റിപ്പോർട്ടുകൾ LIAC Appellate (AC LIAC) കമ്മിറ്റിയിൽ സമർപ്പിച്ച് അംഗീകാരം തേടുകയും ചെയ്തു വരുന്നു.

LIACഅപ്പീൽ കമ്മറ്റി അംഗീകരിച്ച റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ സർക്കാർ അംഗീകാരത്തോടെ നാളിതുവരെ വിതരണം ചെയ്ത ജീവനോപാധി നഷ്ടപരിഹാരത്തിന്റെ വിവരം അനുബന്ധമായി ചേർക്കുന്നു.

EIA റിപ്പോർട്ടിൽ പുനഃരധിവാസത്തിനായി 8.564കോടി രൂപയാണ് വകയിരുത്തിയിരുന്നത് എന്നാൽ, നാളിതുവരെ 107.26 കോടി രൂപ ജീവനോപാധി നഷ്ടപരിഹാര ഇനത്തിൽ സർക്കാർ വിതരണം ചെയ്തിട്ടുണ്ട്.

കൂടാതെ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട ജീവനോപാധി നഷ്ടപരിഹാരം സംബന്ധിച്ച് വിഴിഞ്ഞം തെക്കുംഭാഗം ജമാഅത്ത് കമ്മിറ്റി ഉന്നയിച്ച വിഷയങ്ങളുമായി ബന്ധപ്പെട്ട നഷ്ടപരിഹാരം ലഭിക്കാത്ത ചിപ്പി തൊഴിലാളികളുടെയും, കരമടിത്തൊഴിലാളികളുടെയും പി.ഐ.യു. നടത്തിയ പുനഃപരിശോധനയിൽ 9കരമടി ഉടമകൾക്കും, 172 കരമടി

തൊഴിലാളികൾക്കും, വിഴിഞ്ഞം നോർത്ത് ഭാഗത്ത് നിന്നും പദ്ധതി പ്രദേശത്ത് സീസണിൽ പോയി ചിപ്പി ശേഖരിക്കുന്നവരായ 34 തൊഴിലാളികളും ഉൾപ്പെടെ ആകെ 215 പേർക്ക് അർഹതയുള്ളതായി കണ്ടെത്തിയിരുന്നു. സ.ഉ.(സാധാ) നം.610/2024/ മത്സ്യ തീയതി 12.09.2024പ്രകാരം കരമടി വിഭാഗത്തിൽ ആകെ 181 പേർക്ക് ഒരാൾക്ക് 3ലക്ഷം രൂപ എന്ന ക്രമത്തിൽ 5,43,00,000/-(അഞ്ചു കോടി നാല്പത്തി മൂന്ന് ലക്ഷം രൂപ) രൂപയും സ.ഉ.(സാധാ) നം.688/2024/മത്സ്യ തീയതി 11.10.2024 പ്രകാരം 34 ചിപ്പി തൊഴിലാളികൾക്ക് ഒരാൾക്ക് 2 ലക്ഷം രൂപ എന്ന ക്രമത്തിൽ 68,00,000/- (അറുപത്തിയെട്ട് ലക്ഷം രൂപ) രൂപയും സർക്കാർ നഷ്ടപരിഹാരം അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട് വിഴിഞ്ഞം സൗത്ത് (കോട്ടപ്പുറം) മത്സ്യ ഗ്രാമത്തിലെ അഞ്ചു കരമടി അനുബന്ധ സ്ത്രീ ചുമട്ടുതൊഴിലാളികൾക്ക് ഒരാൾക്ക് ഒരു ലക്ഷം രൂപ എന്ന ക്രമത്തിൽ അഞ്ചു ലക്ഷം രൂപ (5 x 1,00,000) നഷ്ടപരിഹാരമായി സ.ഉ.(സാധാ) നം.669/2024/ മത്സ്യ തീയതി 03.10.2024 പ്രകാരം അനുവദിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്.

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട് വിഴിഞ്ഞം സൗത്ത് (കോട്ടപ്പുറം) മത്സ്യ ഗ്രാമത്തിലെ കട്ടമരം ജീവനോപാധി നഷ്ടപരിഹാരം സംബന്ധിച്ച ഒന്നാം ഘട്ട റിപ്പോർട്ടിൽ അനർഹർ എന്ന് കണ്ടെത്തിയ 48 പേർക്ക് കൂടി അർഹതാ മാനദണ്ഡങ്ങളിൽ ഇളവ് വരുത്തി സ.ഉ.(സാധാ) നം.834/2024/മത്സ്യ തീയതി 29.11.2024പ്രകാരം നഷ്ടപരിഹാരം അനുവദിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്.

വിഴിഞ്ഞം തുറമുഖവുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങളെ തുടർന്ന് തൊഴിലും വരുമാനവും നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് കൈത്താങ്ങ് എന്ന നിലയിൽ പദ്ധതി പ്രദേശത്തെ ജനങ്ങളുടെ ഉന്നമനത്തിനായി നിരവധി സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. ഇതിൽ പ്രധാന മേഖലകളിലെ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

**ആരോഗ്യം**

**കമ്മ്യൂണിറ്റി ഹെൽത്ത് സെൻറർ (CHC)**

നിലവിലെ വിഴിഞ്ഞം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിനെ (CHC) 100 കിടക്കകളുള്ള ഒരു താലൂക്ക് ആശുപത്രിക്ക് തുല്യമായി ഉയർത്തുന്നതിനായുള്ള നടപടികൾ പൂർത്തീകരിച്ചു വരുന്നു. ഫിഷറീസ് വകുപ്പിന്റെ 4.82 കോടി രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ ഫണ്ടിന് പുറമേ പോർട്ട് നിർമ്മാണ കമ്പനിയുടെ 2.97 കോടി രൂപയും ഉൾപ്പെടെ ആകെ 7.79 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്.

### KASE (Kerala Academy for Skill And Excellence) മുഖേനയുള്ള തൊഴിൽ പരിശീലനം

വിഴിഞ്ഞം മേഖലയിലെ യുവതീ യുവാക്കൾക്ക് തൊഴിൽ ലഭ്യമാകുന്നതിനായി തൊഴിൽ പരിശീലനവും നടത്തുന്ന പദ്ധതി KASE മുഖാന്തിരം നടപ്പിലാക്കാൻ പി.ഐ.യു. നടപടി സ്വീകരിച്ചു വരുന്നു. ഇതിലേക്കായി ആദ്യ ഘട്ടമെന്ന നിലയിൽ വിഴിഞ്ഞം കേന്ദ്രമാക്കി ഓറിയന്റേഷൻ പ്രോഗ്രാം സംഘടിപ്പിക്കാൻ ₹ 53000/- വിഴിഞ്ഞം തുറമുഖ കമ്പനി അനുവദിച്ചു നൽകിയിട്ടുണ്ട്. ആയതിൻ പ്രകാരം KASE യുമായി ചേർന്ന് ഓറിയന്റേഷൻ പ്രോഗ്രാം നടത്താൻ നിശ്ചയിച്ചിട്ടുണ്ട്.

### മത്സ്യബന്ധന തുറമുഖ വികസനവും നവീകരണവും

നിലവിലെ മത്സ്യബന്ധന തുറമുഖം ആധുനികവൽക്കരിച്ച്, ആവശ്യമായ സൗകര്യങ്ങളോട് കൂടിയും ആവശ്യമായ അധിക ഫിഷ് ലാന്റിംഗ് സൗകര്യങ്ങളും, ബർത്തുകളും, അനുബന്ധ സൗകര്യങ്ങളും സ്ഥാപിക്കുവാനുള്ള പദ്ധതി പരിഗണനയിലാണ്.

### മണ്ണെണ്ണ വിതരണം

വിഴിഞ്ഞം തുറമുഖ നിർമാണവുമായി ബന്ധപെട്ട വിഴിഞ്ഞം മത്സ്യബന്ധന തുറമുഖത്തു നിന്ന് പുറപ്പെടുന്നതും, വിഴിഞ്ഞം സൗത്ത്, വിഴിഞ്ഞം നോർത്ത്, അടിമലത്തുറ എന്നീ മത്സ്യഗ്രാമങ്ങളിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതുമായ 2353 ബോട്ടുകൾക്ക് താൽക്കാലികമായി ചുറ്റി വളഞ്ഞ് പോകേണ്ടതിനാൽ പുലിമുട്ട് നിർമ്മാണ കാലയളവായ 2 വർഷത്തേക്ക് മത്സ്യഫെഡ് മുഖാന്തിരം മണ്ണെണ്ണ വിതരണം ചെയ്യുന്നതിനുള്ള പാക്കേജിന് സ.ഉ.(കൈ)നം.25/2017/മതുവ തീയതി 10.11.2017 പ്രകാരം അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുകയും അതനുസരിച്ച്

അർഹതയുള്ളവർക്ക് മണ്ണെണ്ണ വിതരണം മത്സ്യഫെഡ് നടത്തുകയും ചെയ്തിട്ടുണ്ട്.

**ആഴക്കടൽ മത്സ്യബന്ധനം**

മത്സ്യതൊഴിലാളികളുടെ സുരക്ഷയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ട് നിർമ്മിച്ചിട്ടുള്ളതും ഫിഷറീസ് വകുപ്പ് 2024-25 സാമ്പത്തിക വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി വിതരണം ചെയ്യുവാൻ തീരുമാനിച്ചിട്ടുള്ളതുമായ ആഴക്കടൽ മത്സ്യബന്ധന യാനങ്ങളിൽ രണ്ടിൽ കുറയാത്ത എണ്ണം യാനങ്ങളും നിലവിലുള്ള യാനങ്ങൾക്കു പകരമായി കൂടുതൽ സുരക്ഷാമാനദണ്ഡങ്ങൾ പാലിച്ചു കൊണ്ട് നിർമ്മിച്ചിട്ടുള്ള ഫൈബർ ഗ്ലാസ് വള്ളങ്ങളും വിഴിഞ്ഞം സൗത്ത് പ്രദേശവാസികൾക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ ഇവർക്ക് ആഴക്കടൽ മത്സ്യബന്ധനത്തിന് പരിശീലനം നല്കുന്നതും പരിഗണിച്ചു വരികയാണ്.

**പകൽവീട്**

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുടെ പുനരധിവാസ പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്ന മോണിറ്ററിംഗ് കമ്മറ്റിയുടെ സജീവ പരിഗണനയിലുള്ള വിഷയമാണ് കോട്ടപ്പുറം മേഖലയിലെ പകൽ വീട്. ഭൂമി ഏറ്റെടുക്കുന്നതിനായി 19.01.2023 തീയതിയിലെ സ.ഉ.(സാധാ) നം. 59/2023/മ.തു.വ പ്രകാരം നൽകിയ ഭരണാനുമതി പുതുക്കി സ്ഥലം ഏറ്റെടുക്കുന്നതിന് 1,44,28,793/- രൂപയും പകൽ വീടിന്റെ നിർമ്മാണത്തിനായി 4 കോടി രൂപയും ഉൾപ്പടെ ആകെ 5,44,28,793/- (അഞ്ച് കോടി നാല്പത്തി നാല് ലക്ഷത്തി ഇരുപത്തി എണ്ണായിരത്തി എഴുന്നൂറ്റി തൊണ്ണൂറ്റി മൂന്ന് രൂപ മാത്രം) രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകി സ.ഉ. (സാധാ) നം. 894/2023/മതുവ തീയതി 10.11.2023 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

പകൽ വീട് നിർമ്മിക്കുന്നതിന് കണ്ടെത്തിയ സ്ഥലം മാറ്റണമെന്ന് ഇടവക ആവശ്യപ്പെട്ടതിനെ തുടർന്ന് മേൽ പറഞ്ഞ ഉത്തരവ് റദ്ദാക്കുകയും പകരമായി പുതിയ സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്യുന്നു.

**ASAPമുഖേനയുള്ള വിദ്യാർഥികൾക്കുള്ള പരിശീലനം**

തിരുവനന്തപുരം ജില്ലയിൽ വിദ്യാർത്ഥികൾക്ക് കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷിലും ഐ.റ്റി യിലും പരിശീലനം നൽകുന്നതിനായി വലിയ വേളി മുതൽ

| | | | |
|---|---|---|---|
| | | | കൊല്ലങ്കോട് വരെയുള്ള മത്സ്യഗ്രാമങ്ങൾ ഉൾപ്പെടുന്ന റവന്യൂ വില്ലേജുകളിലെ ഫിഷറീസ് വകുപ്പ് വിദ്യാഭ്യാസം ആനുകൂല്യം അനുവദിക്കുന്ന ഹയർസെക്കണ്ടറി സ്കൂളുകളുടെ വിവരങ്ങൾ ആവശ്യമായ തുടർ നടപടിക്കായി ASAP-നു കൈമാറിയതനുസരിച്ച് ASAP നൽകിയ 36,00,000/- രൂപയുടെ പ്രൊപോസൽ തുടർ നടപടിക്കായി VISL നു കൈമാറിയിട്ടുണ്ട്. ഇക്കാര്യത്തിൽ ASAP, VISL എന്നിവരുമായി ചേർന്ന് തുടർനടപടികൾ സ്വീകരിച്ചു വരുന്നു.<br><br>മത്സ്യത്തൊഴികൾക്കുള്ള ആശങ്കകൾ ദൂരീകരിച്ച് തുറമുഖത്തിന്റെ സുഗമമായ പ്രവർത്തനത്തിന് അവരുടെ സഹകരണം ഉറപ്പുവരുത്തന്നതിനുമായി നഷ്ടപരിഹാര പുനരധിവാസ ആവശ്യങ്ങൾ പരിഗണിച്ച് പദ്ധതികൾ കാര്യക്ഷമമായി നിർവ്വഹിക്കുന്നതിനു PIU ഉം ഫിഷറീസ് വകുപ്പും സർക്കാരും നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | ഇത്തരം നിർമ്മാണത്തിന് സ്ഥലം വിട്ടുകൊടുത്തിട്ടുള്ളവരുടെ ഉപജീവന മാർഗ്ഗം ഉറപ്പാക്കുന്നതിനുവേണ്ടിയുള്ള വ്യവസ്ഥ തുറമുഖ നിർമ്മാണ കരാറിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുടെ കരാറിൽ ഉൾപ്പെടുത്തിയിട്ടില്ല. |
| (സി) | തുറമുഖ നിർമ്മാണത്തിന് സ്ഥലം വിട്ടുകൊടുത്തിട്ടുള്ള മത്സ്യത്തൊഴിലാളികളെ പുനർഗേഹം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (സി) | തീരദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരേയും കടൽക്ഷോഭം മൂലം വീടുകൾ നഷ്ടപ്പെട്ടവരേയും സുരക്ഷിത സ്ഥാനത്തേക്ക് മാറ്റി പാർപ്പിക്കുന്നതിന് ആവിഷ്കരിച്ച പദ്ധതിയാണ് പുനർഗേഹം. പദ്ധതി മാർഗ്ഗരേഖ പ്രകാരം തുറമുഖ നിർമ്മാണത്തിന് സ്ഥലം വിട്ടുകൊടുത്തിട്ടുള്ള മത്സ്യത്തൊഴിലാളികളെ പുനർഗേഹം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് വ്യവസ്ഥ ചെയ്തിട്ടില്ല. ആയതിനാൽ ടി മത്സ്യത്തൊഴിലാളികളെ പുനർഗേഹം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ക്രമ നം. | മത്സ്യബന്ധന വിഭാഗം | ഗുണഭോക്താക്കളുടെ എണ്ണം | നൽകിയ നഷ്ടപരിഹാരത്തുക (കോടിയിൽ) |
|---|---|---|---|
| 1 | ചിപ്പിത്തൊഴിലാളികൾ | 262 | 12.36 |
| 2 | കരമടി ഉടമസ്ഥരും തൊഴിലാളികളും | 916 | 54.92 |
| 3 | കരമടി അനുബന്ധ സ്ത്രീ ചുമട്ടുതൊഴിലാളികൾ | 11 | 0.11 |
| 4 | കട്ടമരം ഉടമസ്ഥർ | 51 | 2.14 |
| 5 | മണ്ണെണ്ണ ആനുകൂല്യം | 1221 | 31.57 |
| 6 | റിസോർട്ട് തൊഴിലാളികൾ | 211 | 6.08 |
| 7 | സ്വയം സഹായ സംഘങ്ങൾ | 33 | 0.08 |
| **ആകെ** | | **2705** | **107.26** |